"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി യുടെ നിയന്ത്രണത്തിലുള്ള പെട്രോൾ / ഡീസൽ ഔട്ട്ലെറ്റുകളെ നഗരസഭകളിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ)നം.10/2022/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/01/2022

പരാമർശം: കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച 28.10.2021 ലെ FD/1002/2021 നമ്പർ നിവേദനം.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ പെട്രോൾ / ഡീസൽ ഔട്ട്ലെറ്റുകൾ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്ക വിധത്തിൽ തുറന്നുകൊടുക്കുന്നതിന്റെ ഭാഗമായി കേരള മുനിസിപ്പാലിറ്റി ആക്ട് 447 പ്രകാരം നഗരസഭകളിൽ നിന്നും ലൈസൻസ് എടുക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശ പ്രകാരം അപേക്ഷ ലഭിച്ചിരുന്നു.

കേരള മുനിസിപ്പാലിറ്റീസ് ആക്ട് വകുപ്പ് 442 പ്രകാരം സംസ്ഥാന സർക്കാരിനോടോ കേന്ദ്ര സർക്കാരിനോടോ ആ സർക്കാരിന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഇരിക്കുന്ന ഏതെങ്കിലും സ്ഥലത്തിന്റെ കാര്യത്തിലോ ആ സർക്കാരിന്റെ വകയായുള്ള ഏതെങ്കിലും വസ്തുവിന്റെ കാര്യത്തിലോ ലൈസൻസെടുക്കുന്നതിന് ആവശ്യപ്പെടുന്നതായി വ്യാഖ്യാനിക്കാൻ പാടുള്ളതല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനം എന്നത് പരിഗണിച്ചും പെട്രോൾ / ഡീസൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നത് പൊതുജനങ്ങൾക്കും കെ.എസ്.ആർടി.സി.യ്ക്കും ഒരുപോലെ ഗുണകരമാകുമെന്നതിനാലും നിലവിലെ എല്ലാ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിക്കണമെന്നും അല്ലാതെ നടത്തുന്ന ഏത് പ്രവർത്തനത്തിന്റെയും ഉത്തരവാദിത്തം കെ.എസ്.ആർ.ടി.സിക്ക് മാത്രമായിരിക്കുമെന്നും ഒരു പെട്രോൾ / ഡീസൽ ഔട്ട്ലെറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാവിധ നിബന്ധനകളും പാലിച്ചിരിക്കണമെന്ന കർശന ഉപാധികളോടുകൂടി കെ.എസ്.ആർടി.സി യുടെ ഉടമസ്ഥതയിലുള്ള പെട്രോൾ / ഡീസൽ ഔട്ട്ലെറ്റുകളെ നഗരസഭകളിൽ നിന്നും ലൈസൻസ് എടുക്കുന്നതിൽ നിന്നും കേരള മുനിസിപ്പാലിറ്റീസ് ആക്ട് വകുപ്പ് 442 പ്രകാരം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു പ്രഭാകർ**

**സെക്രട്ടറി**

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ നഗരസഭകളിലെയും സെക്രട്ടറിമാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ തിരുവനന്തപുരം.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. ഗതാഗത (എ) വകുപ്പ്
8. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
9. നിയമ വകുപ്പ്
10. ഐ.&പി.ആർ. വെബ് ന്യൂ മീഡിയ
11. കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ആർസി3/302/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ